## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3175** — **03.04.2013-ൽ മറുപടിക്ക്**

## കൃഷി വകുപ്പിന്റെ ഭൂമി പതിച്ചു നൽകൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് ഹൈവേയിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള 2 ഏക്കർ ഭൂമി പതിച്ചു നൽകാൻ മന്ത്രിസഭ തീരുമാനത്തെ തുടർന്ന് മാസങ്ങൾ ക്കുമുമ്പേ ഉത്തരവായിട്ടും സ്ഥലം അളന്നു കൊടുക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്ത മാക്കാമോ? | 09/11/2012 ലെ സ.ഉ.(സാധാ)നം. 2202/2012/കൃഷി ഉത്തരവ് പ്രകാരം നീലേശ്വരം കരുവാച്ചേരിയിലുള്ള സ്ഥലത്തിൽ നിന്ന് രണ്ട് ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള കാർഷിക സർവ്വകലാശാല ആക്ട് 33 (1971) ക്ലോസ് 16(സി) പ്രകാരം സർവ്വകലാശാലയിലെ വിവിധ സ്റ്റേഷനുകളിലെ സ്ഥലങ്ങളുടെ നിയന്ത്രണാധികാരം സർവ്വകലാശാല ഭരണസമിതിയിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലയുടെയും അനുബന്ധ സ്ഥാപനങ്ങളു ടേയും സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് സർവ്വകലാശാല ഭരണസമിതിയുടെ അനുവാദത്തോടെ മാത്രമെ ആകാവൂ എന്ന് പ്രസ്തുത ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ 15/02/2013-ലെ 498-മത് ഭരണ സമിതി യോഗത്തിൽ ടി വിഷയം പരിഗണിക്കുകയുണ്ടായി. അതുപ്രകാരം കാർഷിക സർവ്വകലാശാലയുടെ ഭരണസമിതി അംഗങ്ങൾ സർക്കാരുമായി ചർച്ച നടത്തുവാൻ തീരുമാനിക്കുക യുണ്ടായി. പ്രസ്തുത ചർച്ചയ്ക്ക് ശേഷം സർവ്വകലാശാല അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ